നമ്പർ. സി1/10/2018/റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ
തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി : 11/01/2018

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസരും

സർ,

വിഷയം : ***മോട്ടോർ വാഹന വകുപ്പ്*** – വാഹനങ്ങളുടെ താത്കാലിക രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്.

സൂചന : സർക്കാരിൽ നിന്നുള്ള 11/2017 ലെ 259/ബി2/2017/ഗതാ നമ്പർ കത്ത്.

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. വാഹനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച് വിജിലൻസ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെയും ശുപാർശയുടെയും വെളിച്ചത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. താൽക്കാലിക രജിസ്ട്രേഷൻ സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിലെയും സർക്കുലറിലെയും നിബന്ധനകൾ കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2. വകുപ്പിലെ കൂടുതൽ ജീവനക്കാർക്ക് ഓൺലൈൻ അപേക്ഷയുമായി ബന്ധപ്പെട്ട സാങ്കേതിക പരിശീലനം നൽകേണ്ടതാണ്.
3. ഡീലർമാർ ഷോറൂമുകളിൽ താൽക്കാലിക രജിസ്ട്രേഷൻ സംബന്ധിച്ച് ഓൺലൈൻ അപേക്ഷ തയ്യാറാക്കുന്ന സമയം കടന്നു കൂടുന്ന തെറ്റുകൾ ഒഴിവാക്കുന്നതിനായി അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ നോക്കി ബോധ്യപ്പെടുന്നതിനായി അവസരം നൽകുന്നതിന് ഡീലർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.
4. സ്ഥിരം രജിസ്ട്രേഷൻ സമയത്തു വാഹനത്തോടൊപ്പം ഹെൽമറ്റ്, സാരി ഗാർഡ്, റിയർ വ്യൂ മിറർ എന്നിവയും മറ്റും സൗജന്യമായി ലഭിച്ചു എന്നുള്ള സത്യവാങ്മൂലം വാഹന ഉപഭോക്താവ് നൽകേണ്ടതാണ്.
5. വാഹന വിലയും അനുബന്ധ ചാർജ്ജുകളും ഈടാക്കിയത് സംബന്ധിച്ച സത്യവാങ് മൂലം വാഹന ഡീലർ നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്/-
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

11/1/18

സീനിയർ സൂപ്രണ്ട്.